**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1085** **15-10-2026-ൽ മറുപടിയ്ക്ക്**

**<u>സർവ്വീസ് റോഡ്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

പ്രൊഫ. സി. രവീന്ദ്രനാഥ് ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** വാടാനപ്പള്ളി ഗ്രാമപഞ്ചായത്തിലെ ദേശീയപാത വികസന പ്രവർത്തനങ്ങൾ പൂർത്തിയായതിനു ശേഷം ഉപ്പപടന്ന മുതൽ വാടാനപ്പള്ളി വരെയുള്ള ഭാഗത്ത് ആവശ്യമായ സർവ്വീസ് റോഡ് ഇല്ലാത്തത് പ്രദേശവാസികൾക്കും യാത്രക്കാർക്കും ബുദ്ധിമുട്ട് സൃഷ്ടിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** ദേശീയ പാത 66 നിർമ്മാണം ദേശീയ പാത അതോറിറ്റി നേരിട്ടാണ് ചെയ്യുന്നത്. വാടാനപ്പള്ളി ബൈപ്പാസിന് സമീപം ദേശീയപാത 66-ലെ ചെയിനേജ് 361+900-ൽ(LHS) ഉപ്പപ്പാടം റോഡിനോട് ചേർന്നുള്ള പ്രദേശവാസികൾക്ക് നേരിടുന്ന ഗതാഗതപ്രവേശന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൺസഷൻ കരാർ പ്രകാരം ഈ സ്ഥലത്ത് സർവീസ് റോഡ് വ്യവസ്ഥ ചെയ്തിട്ടില്ലായെന്നും എന്നിരുന്നാലും, പ്രദേശവാസികൾക്ക് ഗതാഗതസൗകര്യം ഉറപ്പാക്കുന്നതിനായി ഈ സ്ഥലത്ത് പ്രധാന ദേശീയപാതയിലേക്ക് പ്രവേശന സൗകര്യം ഒരുക്കിയിട്ടുണ്ട്. ഈ സ്ഥലത്ത് സർവീസ് റോഡ് നിർമിക്കുന്നതിനുള്ള നിർദേശം നിലവിൽ സാങ്കേതിക സാധ്യതകളും സാമ്പത്തിക ബാധ്യതകളും സംബന്ധിച്ച് പരിശോധനയിലാണെന്നും ഈ പരിശോധനയുടെ ഫലവും ബന്ധപ്പെട്ട അധികാരിയുടെ തീരുമാനവും അടിസ്ഥാനമാക്കി തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും നാഷണൽ ഹൈവേ അതോറിറ്റി അറിയിച്ചിട്ടുണ്ട്.

**(ബി)** പ്രസ്തുത ഭാഗത്ത് സർവ്വീസ് റോഡ് നിർമ്മിക്കുന്നതിനുള്ള നിലവിലെ പദ്ധതി എന്താണെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** ദേശീയപാത വികസന പദ്ധതിയുടെ ഭാഗമായി സർവ്വീസ് റോഡ് ഉൾപ്പെടുത്തിയിട്ടുണ്ടോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(ഡി)** സർവ്വീസ് റോഡ് ഉൾപ്പെടുത്തിയിട്ടില്ലെങ്കിൽ പ്രദേശത്തിന്റെ ഗതാഗത ആവശ്യകത കണക്കിലെടുത്ത് ഉപ്പപടന്ന-വാടാനപ്പള്ളി ഭാഗത്ത് സർവ്വീസ് റോഡ് നിർമ്മിക്കുന്നതിന് ദേശീയപാത അതോറിറ്റിയോട് ആവശ്യമായ നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകുമോ?

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**